പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5880** **19- 11- 2019 ൽ മറുപടിക്ക്**

## കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്

**ചോദ്യം**

**ശ്രീ. റ്റി.വി രാജേഷ്**

കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട ഇലക്ട്രോണിക്സ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലാഭത്തിലാക്കുന്നതിനും വൈവിധ്യമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ ഉല്പാദനത്തിലും വില്പനയിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും സ്ഥാപനം കുറെക്കൂടി കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

2009- 2010 ൽ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് രൂപീകൃതമായ ശേഷം ആദ്യമായി കഴിഞ്ഞ രണ്ട് വർഷം (2017- 18 ലും 2018- 19 യും) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് ലാഭത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. വൈവിദ്ധ്യമുള്ള പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി 2017- 18 ൽ ബഡ്ജറ്റിൽ അനുവദിച്ച 10 കോടി രൂപയുടെ ഫണ്ട്, 2019- 20 സാമ്പത്തിക വർഷം പുനർ നിർണയം നടത്തി അനുവദിച്ചു നൽകുകയും അതിൽ 2 കോടി രൂപയ്ക്ക് റിലീസ് ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. എം.പി.പി റെക്റ്റാംഗുലർ കപ്പാസിറ്റേഴ്സ്, സൂപ്പർ കപ്പാസിറ്റർ, ചിപ്പ് കപ്പാസിറ്റർ കെ.വി.എ ആർ/എം വി എആർ കപ്പാസിറ്റർ തുടങ്ങിയ പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഉല്പാദനതോതും വില്പനയും വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ മെഷിനറികൾ സ്ഥാപിച്ച് ഉല്പാദന ക്ഷമത ഉയർത്തുന്നതിനുള്ള 'കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് റിവൈവൽ പ്ലാൻ' നടപ്പിലാക്കിവരുന്നു. കമ്പനിയിലെ ഉൽപ്പന്നങ്ങളുടെ വിപണി സാധ്യത കണക്കിലെടുത്ത്, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ